LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ റെഗുലർ നിയമങ്ങളിലൊന്നിൽ, കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7 (3) പ്രകാരം സംരക്ഷിതാദ്ധ്യാപകരെകൊണ്ട് നികത്തേണ്ടതുമാണ്. ഇപ്രകാരമല്ലാതെ മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചിരുന്നില്ല. ഇങ്ങനെ നിയമിക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് മേൽ ചട്ടത്തിന് സർക്കാർ ഒരു താല്കാലിക ഇളവ് പ്രഖ്യാപിച്ചു. 6-2-2021-ലെ സ.ഉ.(അച്ചടി) നമ്പർ 04/2021/പൊ.വി.വ.,25-2-2021-ലെ സർക്കാർ കത്ത് നമ്പർ ജെ2/87/2020/ പൊ.വി.വ. എന്നിവ പ്രകാരം 2016-17 മുതൽ 2019-20 വരെ മാനേജർമാർ നടത്തിയ നിയമനങ്ങൾ (സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടിയിരുന്നത്) മാനേജർമാർ സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി ബാച്ചുകളുടെ അംഗീകാരം

178 (927) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ ഇനിയും നിയമനാംഗീകാരം ലഭിക്കാത്ത സ്കൂളുകൾ ഏതൊക്കെയെന്നും ഇതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

സ.ഉ.(കൈ) നമ്പർ 143/2014/പൊ.വി.വ. തീയതി 31-7-2014 പ്രകാരം 2014-15 അധ്യയന വർഷം പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ച് ഉത്തരവായപ്പോൾ 2014-15 അദ്ധ്യയന വർഷം ഒരു ബാച്ചിൽ കുറഞ്ഞത് 40 കുട്ടികളും 2015-16 അദ്ധ്യയന വർഷം മുതൽ 50 കുട്ടികളും ഒരു ബാച്ചിൽ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ടി വ്യവസ്ഥ പാലിക്കപ്പെടാത്ത സ്കൂളുകളെ 21-8-2017-ലെ സ.ഉ.(കൈ) നമ്പർ 106/2017/പൊ.വി.വ നമ്പർ പ്രകാരമുള്ള തസ്തിക നിർണ്ണയത്തിൽനിന്നും ഒഴിവാക്കിയിരുന്നു. സ.ഉ.(കൈ) നമ്പർ 143/2014/ പൊ.വി.വ തീയതി 31-7-2014-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡം പാലിക്കപ്പെടാതെ തസ്തിക നിർണ്ണയത്തിൽനിന്നും ഒഴിവാക്കപ്പെട്ട സ്കൂളുകളിലെ തസ്തിക സൃഷ്ടിക്കുന്നതിലേയ്ക്കായി സർക്കാർ കത്ത് നമ്പർ 610/റ12/2019/പൊ.വി.വ. തീയതി 16-2-2019 പ്രകാരം തുടർച്ചയായി മൂന്ന് വർഷം (പ്ലസ് വണ്ണിലും പ്ലസ് ടുവിലും 50 കുട്ടികൾ) മതിയായ എണ്ണം വിദ്യാർത്ഥികളുള്ള ബാച്ചുകളെയാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കേണ്ടതെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരമുള്ള വിദ്യാർത്ഥികൾ ഇല്ലാത്ത സ്കൂളുകളെയാണ് തസ്തിക നിർണ്ണയത്തിൽനിന്നും ഒഴിവാക്കിയിരുന്നത്. ടി സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

Sl. No.	Name of School (School Code)
1.	Devi Vilasam HSS, Kandankeri (4115)
2.	St.Sebastian HSS, Purappuzha (6080)
3.	Kalady Plantation HSS (7187)
4.	HSS Koothattukulam (7192)
5.	St.Johns HSS Pulinthanam (7208)
6.	Sacred Heart HSS, Payyavoor (13156)
7.	St.Joseph HSS Pullurampara (10174)
8.	St.George HSS Kallanickal (6075)
9.	St.Marys HSS Mariyapuram(6082)
10.	St.Pauls HSS Veliyanadu (7189)
11.	BEM Girls HSS Bank Road Kozhikode (10040)

(ബി) ഇതിലുൾപ്പെട്ട പുല്ലരാംപാറ സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ ബാച്ചിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ കത്ത് നമ്പർ 610/ഗ്ി2/2019/പൊ.വി.വ. തീയതി 16-2-2019 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നപക്ഷം പൂല്ലരാംപാറ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിനെ തസ്തിക നിർണ്ണയ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതാണ്.

എയ്ഡഡ് അദ്ധ്യാപകരുടെ നിയമന അംഗീകാരം

179 (928) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1-1-2019 മുതൽ നിയമന അംഗീകാരമില്ലാത്ത എത്ര അദ്ധ്യാപകർ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ജോലി നോക്കുന്നു; ജില്ല തിരിച്ചും വിദ്യാഭ്യാസ ജില്ല തിരിച്ചും സബ്ജില്ല തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ?